**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** **16-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ചാലക്കുടി മണ്ഡലത്തിൽ നാഷണൽ ആയുഷ് മിഷൻ മുഖേന 50 കിടക്കകളുള്ള ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയുടെ നിർമ്മാണം നടന്നു വരുന്നു. ആയതിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ടാം ഘട്ടത്തിലുള്ള നിർമ്മാണ പ്രവൃത്തിയുടെ Project Management Consultancy (PMC) ആയി Kerala State Construction Corporation നെ തെരഞ്ഞെടുത്തിട്ടുണ്ട്. Detailed Project Report (DPR) തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ തസ്തികകൾ സംബന്ധിച്ച വിശദവിവരം തരം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരും നാഷണൽ ആയുഷ് മിഷനും പരിശോധിച്ച് വരികയാണ്. |
| (സി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണെന്നും ഇല്ലെങ്കിൽ ഇതിനായുള്ള നടപടികളുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (സി) | ഉത്തരം ബി പിരിവിൽ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത ആശുപത്രിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ 2025 ഒക്ടോബർ ആദ്യവാരത്തോടെ ഒ.പി തല സേവനങ്ങൾ/പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്ന രീതിയിലേക്ക് നാഷണൽ ആയുഷ് മിഷൻ മുഖേന നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ